കോഴ്സുകൾ താഴെപ്പറയുന്ന 8 സ്ഥാപനങ്ങളിലായി 9 പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം നടത്തി വരുന്നുണ്ട്. സ്ഥാപനങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

മലപ്പുറം

1. ആമിന എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, കൽപ്പകൻചേരി, മലപ്പുറം.
2. ജെംസ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് , താമരപുരം പി.ഒ, മലപ്പുറം
3. എം ഡി പി എസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ. തിരൂർ, മലപ്പുറം
4. എം ഇ എസ് കോളേജ് ഓഫ് എൻജിനീയറിംഗ്, കുറ്റിപ്പുറം, മലപ്പുറം.

കണ്ണൂർ

5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ്, ഇരിട്ടി, കണ്ണൂർ
6. സ്കിൽ സോൺ, കൈലാസ് കമേഴ്സ്യൽ കോംപ്ലക്സ്, കണ്ണൂർ.

കോട്ടയം

7. കേരള സോഷ്യൽ സർവ്വീസ് ഫോറം (മേരി മാതാ ഐ. റ്റി. സി, കടുതുരുത്തി ആന്റ് സെന്റ് ജോസഫ് ഐ റ്റി സി, കോട്ടയം)

തിരുവനന്തപുരം

8. വിജയ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി, തിരുവനന്തപുരം.

(ബി) നോർക്ക - റൂട്ട്സ് നിലവിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുന്ന കോഴ്സുകളുടെ ഫീസ് 5000 രൂപയാണ്. ഇതിൽ 1000 രൂപ മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നുള്ളു. ബാക്കി 4000 രൂപ നോർക്ക - റൂട്ട്സാണ് നൽകുന്നത്.

(സി) നോർക്ക - റൂട്ട്സിന്റെ തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 657 പേർക്ക് പരിശീലനം നൽകുകയും, ലഭ്യമായ വിവരം അനുസരിച്ച് വിദേശത്ത് 47 പേർക്കും കേരളത്തിന് പുറത്ത് ഇന്ത്യയിൽ 73 പേർക്കും ജോലി ലഭിച്ചിട്ടുണ്ട്. രണ്ടാമത്തെ ബാച്ചിൽ 364 പേർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

വിലക്കയറ്റ നിയന്ത്രണം

52 (5730) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2006 കാലത്തെ യു.ഡി.എഫ്. സർക്കാർ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര കോടി രൂപയുടെ ആശ്വാസ നടപടികളാണ് സ്വീകരിച്ചത് ;

(ബി) 2006-നുശേഷം ഇതുവരെ എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന 2001-06 കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനായി ലഭിച്ച സബ്സിഡി തുക താഴെ ചേർക്കുന്നു :

വർഷം	തുക കോടി
2001-02	33.00
2002-03	50.00
2003-04	30.00
2004-05	30.00
2005-06	10.00
ആകെ	153.00

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം തടയുന്നതിനായി നൽകിയ സബ്സിഡി ചുവടെ ചേർക്കുന്നു :

വർഷം	പൊതുവിതരണ വകുപ്പ്	സപ്ലൈകോ തുക(കോടി)
2006-07	114.71	30.00
2007-08	119.19	50.00
2008-09	116.39	105.00
2009-10	195.95	83.00 *
2010-11	78.76 @	50.00 *
ആകെ	625.00	318.00

* 2009-10-ൽ 206 കോടി രൂപ സ്പ്ലൈകോ കമ്പോള ഇടപെടലിനായി ചെല വഴിച്ചു. ഇതിൽ 83 കോടി രൂപ നൽകി. ബാക്കി 123 കോടി രൂപ സ്പ്ലൈകോ യ്ക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം 50 കോടി രൂപയാണെങ്കിലും 250 കോടി രൂപ കമ്പോള ഇടപെ ടൽ ഇനത്തിൽ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കുന്നു. ഇത് കൂടാതെ റേഷൻ കടകൾ വഴി 3 രൂപ നിരക്കിലും തുടർന്ന് രണ്ടു രൂപ നിരക്കിലും അരി നൽകിയ വകയിൽ 2006-07 മുതൽ 2009-10 വരെ 625 കോടി രൂപ ചെലവഴിച്ചു. ഈ വർഷം രണ്ടു രൂപയ്ക്ക് ഒരു കിലോ ഭക്ഷ്യധാന്യം നൽകുന്ന പദ്ധതി അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുകൂടി വ്യാപിപ്പിച്ചിരിക്കുന്നതിന്റെ ഭാഗമായി ഈ ഇനത്തിൽ 500 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കുന്നു. ഈ ഇനത്തിൽ ഈ വർഷം ഇതുവരെ 78.76 കോടി രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly